## സ്വാശ്രയ സ്ഥാപനങ്ങൾ

101 [684] *ശ്രീ. ഷിബു ബേബി ജോൺ:*
,, *ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ്കുമാർ:*
,, *ജോണി നെല്ലൂർ:*
,, *ആർ. ബാലകൃഷ്ണപിള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര സെൽഫ് ഫിനാൻസിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓട്ടോണമസ് വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്;

(ബി) അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) സ്വാശ്രയ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇതിന്റെ ഭാഗമായിട്ടാണോ അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നത്?

*ഉത്തരം*

(എ) & (ബി) കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് എം. ബി.എ., എം. സി. എ., കാറ്ററിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† ശേഷിക്കുന്നവ സംബന്ധിച്ച വിവരം ശേഖരിച്ചു വരുകയാണ്.

(സി) സ്വാശ്രയ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിലേക്കായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ (പ്രൊഫ. ജയശങ്കർ കമ്മിറ്റി) ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നത്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച അപേക്ഷകൾ തൽക്കാലം പരിഗണനയിലില്ല. സ്വാശ്രയ മേഖലയിൽ ബി. എഡ്. കോളേജുകൾ ആരംഭിക്കേണ്ടതുണ്ടോ എന്ന പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിന് ഡോ. എ. സുകുമാരൻ നായർ ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചാൽ മാത്രമേ കൂടുതൽ ബി. എഡ്. കോളേജുകൾ ആരംഭിക്കേണ്ടതുണ്ടോ എന്ന് തീരുമാനിക്കുകയുള്ളൂ. അൺ എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

(ഡി) അല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/574/2012—18

LIBRARY ARCHIVES Kerala Legislative Assembly